
ഡിജിറ്റലൈസേഷന് ഊർജമേകാൻ 'ഇ-റുപ്പി'

1 മാർച്ച് 2023

വില ₹ 25

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## കായികസാക്ഷരത

അതിജീവനത്തിന്റെ ആദ്യാക്ഷരങ്ങൾ

പെരുമാറ്റ രൂപീകരണത്തിന്റെ സിരാവിജ്ഞാനീയം

ജെൻഡറും മലയാളവും ഒരു സാമൂഹിക പദപ്രശ്നം

9 772349 105005



എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

മാർച്ച് 2023 വാല്യം 56 ലക്കം 3 വില ₹ 25

ലോജിക്കൽ ആർഗ്യുമെന്റേഷൻ രീതി ഉന്നതതല ഭാഷാനൈപുണി വികാസത്തിന് ഉത്തമമാർഗം
ബ്ലെസി ബേബി
ഡോ. ബിന്ദു ജോസഫ് 12

ആലപ്പുഴയുടെ കയർ സുവർണനാരിന്റെ ലോകസഞ്ചാരം
ഡോ: സജിത്ത് ഏവൂരേത്ത് 18

അഞ്ചുതെങ്ങിലെ സ്ഥലനാമങ്ങളും ബൗദ്ധപാരമ്പര്യവും
അനിൽകുമാർ എ. 21

അഷ്ടമുടിക്കായലും ജനസംസ്കൃതിയും
ഡോ. രാജഗോപാൽ പി.കെ. അഷ്ടമുടി 35

കാട്ടുജീവിതങ്ങളുടെ കൂട്ടപ്പലായനങ്ങൾ
ഡോ. മിനി ആലീസ്
ടോം ജോസ് 51

ഇക്കിഗായിയുടെ ആനന്ദം
ഡോ. വന്ദന ബി. 54

അനസൂയവിശുദ്ധമായ ആത്മീയശോഭ
ശ്രീജിത്ത് പെരുന്തച്ചൻ 64

ആഷർ ലോകത്തേക്ക് തുറന്നുവച്ച കേരളത്തിന്റെ വാതിൽ
ഡോ.എം.സി. അബ്ദുൾ നാസർ 70

മനുഷ്യപുത്രന്റെ തിരുമുറിവ്
കെ.പി. രമേഷ് 74


നാം ഇനിയുമറിയേണ്ട ഗാന്ധി
ബിജു കാരക്കോണം 78



**കായികസാക്ഷരത: അതിജീവനത്തിന്റെ ആദ്യാക്ഷരങ്ങൾ**
**എസ്.വി. ഷൈൻലാൽ**

**5**


കായികതാരങ്ങൾക്ക് മാത്രമല്ല സാമാന്യജനങ്ങൾക്കും ആവശ്യമായ കായിക സാക്ഷരതയുടെ വിവിധ ഘടകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന ലേഖനം.




**ഡിജിറ്റലൈസേഷന് ഊർജമേകാൻ 'ഇ-റുപ്പി'**
**ഡോ. ജോമോൻ മാത്യു, ഡോ. സന്തോഷ് ആർ**

**41**


ഡിജിറ്റൽ എക്കണോമിയുടെ ഭാഗമായ ഡിജിറ്റൽ കറൻസിയെയും അതിന്റെ ഇന്ത്യൻ വകഭേദമായ ഇ-റുപ്പിയെയും കുറിച്ച് ചർച്ച ചെയ്യുന്ന ലേഖനം.



**പെരുമാറ്റ രൂപീകരണത്തിന്റെ സിരാവിജ്ഞാനീയം**
**ആന്റണി പുത്തൻപുരക്കൽ**

**45**

മനുഷ്യന്റെ സ്വഭാവരൂപീകരണത്തിനു കാരണമായ സിരാവിജ്ഞാനീയത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന ലേഖനം.




**ജെൻഡറും മലയാളവും ഒരു സാമൂഹിക പദപ്രശ്നം**
**ഡോ. അശോക് ഡിക്രൂസ്**

**58**

ലിംഗസംബന്ധമായ പദങ്ങളെക്കുറിച്ച് നിലവിലുള്ള ഭാഷാ സാമൂഹിക പദപ്രശ്നങ്ങളെക്കുറിച്ച് വിവരിക്കുന്ന ലേഖനം.

വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും.
അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. - എഡിറ്റർ

ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255 vkcirculation@gmail.com
www.keralabhashainstitute.org



# ജെൻഡറും മലയാളവും ഒരു സാമൂഹിക പദപ്രശ്നം

**ഡോ. അശോക് ഡിക്രൂസ്**

'ജെൻഡർ' ഒരു മലയാളപദമല്ല. 'ലിംഗഭേദം' എന്നത് അതിനു പകരംവയ്ക്കാവുന്ന പദവുമല്ല. അതുകൊണ്ടുതന്നെ, ജെൻഡർ എന്നത് ഭാഷാപരമായ ഒരു വിഷയം എന്നതിലുപരി ഒരു സാമൂഹികപ്രശ്നം കൂടിയാണ്. ജെൻഡർ എന്ന പദത്തിന് പകരം പദം നിർദേശിക്കുകയും അതുവഴി ഭാഷാപരമായ ഒരു വിടവ് നികത്താൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ് ഈ പ്രബന്ധത്തിന്റെ പ്രധാന ലക്ഷ്യം. അതേസമയം, ഒരു സാമൂഹികപ്രശ്നമെന്നനിലയിൽ ജെൻഡർ എന്ന വിഷയത്തെ നോക്കിക്കാണാനും ഈ പ്രബന്ധം ശ്രമിക്കുന്നുണ്ട്.

ജെൻഡർ എന്നതിന് സമാനമായ അർഥത്തിലുള്ള മറ്റൊരു പദം ഭാഷയിൽ നിലവിലില്ലാത്തതുകൊണ്ടോ പുതിയ ഒരു പദനിർമിതിക്ക് താൽപ്പര്യമില്ലാത്തതുകൊണ്ടോ മലയാളികൾ കാർ, ബസ്സ്, സ്വിച്ച് തുടങ്ങിയ പദങ്ങൾ തത്സമമായി സ്വീകരിച്ചതുപോലെ ജെൻഡർ എന്ന പദത്തെയും സ്വീകരിച്ചുകഴിഞ്ഞു. അതോടെ, ജെൻഡർ ഉൾപ്പെടുന്ന, ട്രാൻസ്ജെൻഡർ ഉൾപ്പെടെയുള്ള, എല്ലാ വ്യവഹാരരൂപങ്ങൾക്കും തത്സമരൂപങ്ങൾതന്നെ സ്വീകരിക്കാനും മലയാളികൾ നിർബന്ധിതരായി. അങ്ങനെ, ജെൻഡർ ജസ്റ്റിസ്, ജെൻഡർ ഇക്വാളിറ്റി, ജെൻഡർ ഇഷ്യു തുടങ്ങിയ ധാരാളം പ്രയോഗങ്ങൾ മലയാളമെന്ന മട്ടിൽ പ്രചരിക്കാനും തുടങ്ങി. ജസ്റ്റിസ്, ഇക്വാളിറ്റി, ഇഷ്യു എന്നീ പദങ്ങൾക്ക് യഥാക്രമം നീതി, തുല്യത, വിഷയം എന്നിങ്ങനെ പകരം പദങ്ങൾ മലയാളത്തിലുണ്ട്. എന്നാൽ ജെൻഡർ എന്ന പദത്തോടൊപ്പം അവ ചേർത്തെഴുതിയാൽ (ജെൻഡർ നീതി, ജെൻഡർ തുല്യത, ജെൻഡർ വിഷയം) പാതിവെന്ത അനുഭവമായിരിക്കും ഉണ്ടാവുക. അങ്ങനെയാണ് മലയാളികൾ ഗത്യന്തരമില്ലാതെ ജെൻഡർ ജസ്റ്റിസിനും ജെൻഡർ ഇക്വാളിറ്റിക്കും ജെൻഡർ ഇഷ്യുവിനും മുന്നിൽ നിരുപാധികം വഴങ്ങിക്കൊടുത്തത്.

അതുകൊണ്ടുതന്നെയാണ് ജെൻഡർ എന്നത് ഭാഷാപരമായ ഒരു വിഷയം എന്നതിലുപരി ഒരു സാമൂഹികപ്രശ്നമായി മാറുന്നത്. ജെൻഡർ എന്ന പദത്തിനുപകരം പദം നിർദേശിക്കുകയും അതുവഴി ഭാഷാപരമായ ഒരു വിടവ് നികത്താൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ പ്രധാന ലക്ഷ്യം. അതേസമയം, ഒരു സാമൂഹികപ്രശ്നമെന്ന നിലയിൽ ജെൻഡർ എന്ന വിഷയത്തെ നോക്കി

ജെൻഡർ എന്നതിന് സമാനമായ അർഥത്തിലുള്ള മറ്റൊരു പദം ഭാഷയിൽ നിലവിലില്ലാത്തതുകൊണ്ടോ പുതിയ ഒരു പദനിർമിതിക്ക് താൽപ്പര്യമില്ലാത്തതുകൊണ്ടോ മലയാളികൾ കാർ, ബസ്സ്, സ്വിച്ച് തുടങ്ങിയ പദങ്ങൾ തത്സമമായി സ്വീകരിച്ചതുപോലെ ജെൻഡർ എന്ന പദത്തെയും സ്വീകരിച്ചുകഴിഞ്ഞു.


ക്കാണാനും ഈ ലേഖനം ശ്രമിക്കുന്നുണ്ട്.

## പദനിഷ്പത്തിയും അർഥപരിണാമവും

ജനിതകശാസ്ത്ര (Genetics) വുമായി ബന്ധപ്പെട്ട 'ജനിതകം' എന്ന പദത്തിന് പരക്കെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജീനുകൾ, ജനിതക വ്യതിയാനം, ജീവികളിലെ പാരമ്പര്യം എന്നിവയെക്കുറിച്ചുള്ള പഠനവുമായി ബന്ധപ്പെട്ട ജീവശാസ്ത്രത്തിന്റെ ഒരു ശാഖയാണ് ജനിതകശാസ്ത്രം. ജനിറ്റിക്കോസ് (genetikos) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് genetics എന്ന പദം രൂപപ്പെട്ടത്. ഉത്ഭവം എന്നർഥമുള്ള ജനിസിസ് (genesis) എന്ന പദത്തിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന പദമാണ് ജെനിറ്റിക്കോസ്.

ജീവജാലങ്ങൾക്ക് അവരുടെ മാതാപിതാക്കളിൽനിന്ന് സ്വഭാവഗുണങ്ങൾ ലഭിക്കുന്നു എന്ന നിരീക്ഷണം മനസ്സിലാക്കാൻ ശ്രമിക്കുന്ന ജനിതകശാസ്ത്രത്തിന്റെ ആധുനികമുഖം, പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അഗസ്റ്റീനിയൻ സന്യാസി ഗ്രിഗർ മെൻഡലിന്റെ പ്രവർത്തനത്തിൽ നിന്നാണ് ആരംഭിച്ചത്. എന്നാൽ, മെൻഡലിനുമുമ്പ് ഹംഗേറിയൻ പ്രഭുവായ ഇമ്രെ ഫെസ്റ്ററ്റിക്സ് ആണ് 'genetics' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. പ്രകൃതിയുടെ ജനിതകനിയമം (Die Genetischen Gesetze der Natur, 1819) എന്ന കൃതിയിൽ ജനിതക പാരമ്പര്യം സംബന്ധിച്ച നിരവധി നിരീക്ഷണങ്ങൾ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.

അതേസമയം, ജെൻഡർ (gender) എന്ന പദം ഇംഗ്ലീഷിലേക്ക് ചേക്കേറിയത് മറ്റൊരു തരത്തിലാണ്. മധ്യകാല ഇംഗ്ലീഷിൽ ഉപയോഗിച്ചിരുന്ന gender, gendre എന്നീ വായ്പാ പദങ്ങളിൽ (loan words) നിന്നാണ് gender എന്ന പദം രൂപപ്പെട്ടത്. ആംഗ്ലോ-നോർമൻ, മധ്യകാല ഫ്രഞ്ച് ഭാഷകളിൽ ഉപയോഗിച്ചിരുന്ന gendre എന്ന പദത്തെ ആസ്പദമാക്കിയായിരുന്നു അത്. ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ വ്യാപകമായി ഉപയോഗിക്കുന്ന ജനുസ്സ് (genus) എന്ന പദമാണ് ഇവയുടെയെല്ലാം ആധാരപദം. ഇനം, തരം എന്നൊക്കെയാണ് പ്രസ്തുതപദത്തിന്റെ അർഥം. ഇത് ആത്യന്തികമായി ഉരുത്തിരിഞ്ഞത് 'genh' എന്ന പ്രോട്ടോ-ഇന്തോ-യൂറോപ്യൻ (PIE) ധാതുവിൽ നിന്നാണ്. ഉണ്ടാവുക, ജനിക്കുക, രൂപപ്പെടുക എന്നീ അർഥത്തിലുള്ള വാക്കുകളും തരം, ഇനം എന്ന് അർഥം വരുന്ന മിക്ക വാക്കുകളും രൂപപ്പെട്ടത് 'genh' എന്ന ധാതുവിൽ നിന്നാണ്. അതുകൊണ്ടുതന്നെ, മിക്ക ഇന്തോ-യൂറോപ്യൻ ഭാഷകളിലും സമാനമായ പദങ്ങൾ പ്രചാരത്തിലുണ്ട്. 'genre' എന്ന ഫ്രഞ്ച് പദത്തിന് തരം (kind), ഇനം (type), ലിംഗം (sex) (സ്ത്രീ-പുരുഷഭേദം സൂചിപ്പിക്കുന്നതിന്) എന്നൊക്കെയാണ് അർഥം കൽപ്പിക്കുന്നത്. ഗ്രീക്ക് മൂലമായ 'gene' എന്ന ധാതുവുമായും ഈ പദം ചേർന്നുനിൽക്കുന്നു. 1884 ൽ പ്രസിദ്ധീകൃതമായ ഇംഗ്ലീഷ് ഭാഷയുടെ ഓക്സ്ഫോർഡ് എറ്റിമോളജിക്കൽ നിഘണ്ടു (The Oxford Etymological Dictionary of the English Language) ജെൻഡറിനെ നിർവചിച്ചിരിക്കുന്നത് തരം (kind), ഇനം (type), വർഗം (breed) എന്നിങ്ങനെയാണ്. ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു (Oxford English Dictionary, OED1, വാല്യം 4, 1900) gender (ജെൻഡർ) എന്ന പദത്തിനു നൽകിയിരിക്കുന്ന അർഥം തരം (kind) എന്നാണ്.




ജോൺ വില്യംമണി

## നിർവചനങ്ങളും കാഴ്ചപ്പാടുകളും

'ലിംഗത്തി (sex) ന്റെ സാമൂഹികവൽക്കരിച്ച മറുവശമാണ് ജെൻഡർ (gender)' എന്നാണ് അമേരിക്കൻ മനശ്ശാസ്ത്രജ്ഞനായ ഐസക് മാഡിസൺ ബന്റ്ലി 1945-ൽ ജെൻഡറിനെ നിർവചിച്ചത്. എന്നാൽ, ജെൻഡർ എന്നത് ഒരു ഐഡന്റിറ്റി അല്ലെങ്കിൽ റോൾ എന്നതിലുപരി, സാമൂഹികബന്ധമുള്ള സന്ദർഭങ്ങളിലൂടെ സ്ഥാപനവൽക്കരിക്കപ്പെട്ട ഒന്നാണെന്നാണ് 'Unpacking the Gender System: A Theoretical Perspective on Gender Beliefs and Social Relations' എന്ന കൃതിയുടെ രചയിതാക്കളായ സിസിലിയ റിഡ്ജ്വേയും ഷെല്ലി കോറെലും വാദിക്കുന്നത്.

1949 ൽ പ്രസിദ്ധീകൃതമായ സിമോൺ ദി ബൂവായുടെ 'ദി സെക്കൻഡ് സെക്സ്' എന്ന കൃതിയിലെ ഫെമിനിസ്റ്റ് സിദ്ധാന്തം, സെക്സ്, ജെൻഡർ എന്നിവ തമ്മിലുള്ള വ്യത്യാസം മുൻനിർത്തിയുള്ള ചർച്ചകളുടെ തുടക്കമായി വ്യാഖ്യാനിക്കപ്പെടുന്നുണ്ടെങ്കിലും ന്യൂസിലാന്റുകാരനായ ജോൺ വില്യം മണി (John William Money) യാണ് 1955-ൽ ആദ്യമായി ലിംഗം (sex), ജെൻഡർ റോൾ (gender role) എന്നീ സംജ്ഞകളെ വേർതിരിച്ച് പഠനം നടത്തിയത്. ജെൻഡർ റോൾ എന്ന സംജ്ഞയാണ് പിന്നീട് ജെൻഡർ സ്വത്വം (gender identity) എന്ന പ്രയോഗമായി രൂപാന്തരപ്പെട്ടത്. മണി ഇത്തരമൊരു അഭിപ്രായം ഉന്നയിക്കുന്നതിനുമുമ്പ് വ്യാകരണകാര്യങ്ങളിലൊഴികെ ജെൻഡർ എന്ന സംജ്ഞ ഉപയോഗിച്ചിരുന്നില്ല. ഏതായാലും,

1949 ൽ പ്രസിദ്ധീകൃതമായ സിമോൺ ദി ബൂവായുടെ 'ദി സെക്കൻഡ് സെക്സ്' എന്ന കൃതിയിലെ ഫെമിനിസ്റ്റ് സിദ്ധാന്തം, സെക്സ്, ജെൻഡർ എന്നിവ തമ്മിലുള്ള വ്യത്യാസം മുൻനിർത്തിയുള്ള ചർച്ചകളുടെ തുടക്കമായി വ്യാഖ്യാനിക്കപ്പെടുന്നുണ്ടെങ്കിലും ന്യൂസിലാന്റുകാരനായ ജോൺ വില്യം മണി യാണ് 1955-ൽ ആദ്യമായി ലിംഗം (sex), ജെൻഡർ റോൾ (gender role) എന്നീ സംജ്ഞകളെ വേർതിരിച്ച് പഠനം നടത്തിയത്.




എഴുപതുകളിൽ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾക്ക് ലോകമെമ്പാടും പ്രചാരം ലഭിക്കുന്നതുവരെ ജീവശാസ്ത്രപരമായ ലിംഗവും ജെൻഡറിന്റെ സാമൂഹിക ഘടനയും തമ്മിലുള്ള വേർതിരിവ് വ്യാപകമായിരുന്നില്ല.

ജെൻഡറിനെ സിസ്ജെൻഡർ, ട്രാൻസ്ജെൻഡർ, ഇന്റർസെക്സ് എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. സിസ്ജെൻഡറിനെ ആണും പെണ്ണും എന്നിങ്ങനെ വീണ്ടും രണ്ടായി തിരിച്ചിരിക്കുന്നു, ട്രാൻസ്ജെൻഡറുകളിൽ ആകട്ടെ ട്രാൻസ് പുരുഷൻ, ട്രാൻസ് സ്ത്രീ എന്ന രണ്ട് ഉപവിഭാഗങ്ങളാണുള്ളത്. അടിസ്ഥാനപരമായി തന്റെ ജെൻഡർ എന്താണെന്ന് തീരുമാനിക്കേണ്ടത് ആ വ്യക്തി തന്നെയാണ്. ഇവിടെ സാമൂഹിക ഘടകങ്ങൾ മാത്രമല്ല ജനിതകമായ സവിശേഷതയും സ്വാധീനം ചെലുത്താറുണ്ട്.

## ജെൻഡറും സെക്സും ഭേദമില്ലാത്ത ലിംഗവും

ജെൻഡർ, സെക്സ്, ലിംഗം ഈ മൂന്നു പദങ്ങളും ആശയക്കുഴപ്പമില്ലാതെ പ്രയോഗിക്കാൻ പ്രയാസമാണ്. പ്രസ്തുത പദങ്ങൾക്ക് മിക്കപ്പോഴും സന്ദർഭാനുസരണം അർഥം ഊഹിച്ചെടുക്കുകയാണ് പതിവ്. 'ജെൻഡർ' എന്ന പദം ഒരേസമയം ജീവശാസ്ത്രപരവും (Biological) സാമൂഹികശാസ്ത്രപരവുമായ (Sociological) അർഥവും ആശയവും പ്രദാനം ചെയ്യുന്നുണ്ട്. അതുപോലെതന്നെ, സ്ത്രീപുരുഷട്രാൻസ്ജെൻഡർ വർഗഭേദത്തിനും ലൈംഗികവേഴ്ചയ്ക്കും 'സെക്സ്' എന്ന പദവും വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. 'ലിംഗം' എന്ന പദത്തിനും ഇത്തരമൊരു അവസ്ഥാവിശേഷമുള്ളതായി കാണാം. പുരുഷന്റെ ജനനേന്ദ്രിയം, മൂത്രവിസർജനത്തിനുള്ള ബാഹ്യാവയവം, ആരാധനാമൂർത്തി എന്നീ അർഥങ്ങൾക്കൊപ്പം മനുഷ്യവർഗത്തിന്റെ വ്യത്യസ്തത അടയാളപ്പെടുത്തുക എന്ന അർഥത്തിലും ലിംഗം എന്ന പദം ഉപയോഗിക്കുന്നുണ്ട്.

'ജെൻഡർ' (gender) എന്ന പദത്തിന്റെ അർഥമെന്താണെന്നും അതിനോട്ടു ചേർന്നു നിൽക്കുന്ന സെക്സ് (sex) എന്ന പദത്തിൽ നിന്ന് അത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും മനസ്സിലാക്കാൻ മിക്കപ്പോഴും മലയാളികൾ ബുദ്ധിമുട്ടുന്നതിന്റെ പ്രധാനകാരണം ജെൻഡർ, സെക്സ് എന്നീ പദങ്ങൾക്കു പകരം പ്രചരിക്കുന്ന മലയാളപദങ്ങളാണ്.

'ജെൻഡർ' (gender) എന്ന പദത്തിന്റെ അർഥമെന്താണെന്നും അതിനോട്ടു ചേർന്നുനിൽക്കുന്ന സെക്സ് (sex) എന്ന പദത്തിൽനിന്ന് അത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും മനസ്സിലാക്കാൻ മിക്കപ്പോഴും മലയാളികൾ ബുദ്ധിമുട്ടുന്നതിന്റെ പ്രധാനകാരണം ജെൻഡർ, സെക്സ് എന്നീ പദങ്ങൾക്കു പകരം പ്രചരിക്കുന്ന മലയാളപദങ്ങളാണ്.

ജെൻഡറിനു പറ്റിയ / പൊതുസമ്മതമായ ഒരു മലയാളപദം കണ്ടെത്താൻ മലയാളത്തിന് ഇതേവരെ കഴിഞ്ഞിട്ടില്ല. 'ലിംഗഭേദം' എന്ന പദവും 'ജെൻഡർ' എന്ന തത്സമരൂപവും തരാതരം പോലെ ജെൻഡറിനുവേണ്ടി ഉപയോഗിക്കുന്നു എന്നുമാത്രം. അതുപോലെതന്നെയാണ് സെക്സിന്റെ കാര്യവും. വർഗഭേദം സൂചിപ്പിക്കാനും 'ലിംഗം' എന്ന പദമാണ് ഉപയോഗിക്കുന്നത്. വാസ്തവത്തിൽ, സെക്സ് (ലിംഗം) എന്നത് സ്ത്രീകളെയും പുരുഷന്മാരെയും ട്രാൻസ്ജെൻഡേഴ്സിനെയും നിർവചിക്കുന്ന ജീവശാസ്ത്രപരവും ശാരീരികവുമായ സവിശേഷതകളെ സൂചിപ്പിക്കുന്ന പദമാണ്. അതേസമയം, ജെൻഡർ (ലിംഗഭേദം) എന്നത് ഒരു സമൂഹം സ്ത്രീകൾക്കും പുരുഷന്മാർക്കും ട്രാൻസ്ജെൻഡേഴ്സിനും അനുയോജ്യമെന്നു കരുതുന്നതും സാമൂഹികമായി നിർമിച്ചതുമായ പെരുമാറ്റങ്ങൾ, പ്രവർത്തനങ്ങൾ, സവിശേഷ ലക്ഷണങ്ങൾ (attributes) എന്നിവയെയാണ് സൂചിപ്പിക്കുന്നത്.

## ജെൻഡറും സെക്സും ലോകാരോഗ്യസംഘടനയുടെ കാഴ്ചപ്പാടിൽ

വ്യത്യസ്ത മനുഷ്യസമൂഹങ്ങൾക്കിടയിൽ ലിംഗപരമായ വശങ്ങൾ കാര്യമായി വ്യത്യാസപ്പെടില്ല. അതേസമയം, ജെൻഡർ വ്യത്യാസപ്പെടാം.

ലിംഗപരമായ സവിശേഷതകൾക്ക് ലോകാരോഗ്യസംഘടന നൽകുന്ന ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

- സ്ത്രീകൾക്ക് ആർത്തവമുണ്ടാകുന്നു. എന്നാൽ, പുരുഷന്മാർക്ക് ആർത്തവമില്ല.
- പുരുഷന്മാർക്ക് വൃഷണങ്ങളുണ്ട്, സ്ത്രീകൾക്ക് ഇല്ല.
- സ്ത്രീകൾക്ക് സാധാരണയായി മുലയൂട്ടാൻ കഴിവുള്ള സ്തനങ്ങൾ വികസിച്ചിട്ടുണ്ടാവും. അതേസമയം, പുരുഷന്മാർക്ക് അങ്ങനെയല്ല.
- പുരുഷന്മാർക്ക് സാധാരണയായി സ്ത്രീകളേക്കാൾ വലിയ അസ്ഥികളുണ്ട്.

ജെൻഡർ സവിശേഷതകൾക്ക് ലോകാരോഗ്യസംഘടന നൽകുന്ന ചില ഉദാഹരണങ്ങളാണ് ഇനി നൽകുന്നത്:

- അമേരിക്ക ഉൾപ്പെടെയുള്ള ലോകത്തെ മിക്ക രാജ്യങ്ങളിലും സമാനമായ ജോലിക്ക് സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കുറച്ചു മാത്രമേ പണം നേടാൻ കഴിയുന്നുള്ളൂ.
- സ്ത്രീകളേക്കാൾ കൂടുതൽ പുകവലിക്കുന്നത് പുരുഷന്മാരാണ്. സ്ത്രീകളുടെ പുകവലി മിക്ക സമൂഹങ്ങളും അംഗീകരിക്കുന്നില്ല എന്നതാണ് കാരണം.
- ചില പ്രദേശങ്ങളിൽ പുരുഷന്മാർക്ക് വാഹനമോടിക്കാൻ അനുമതിയുണ്ട്. എന്നാൽ, സ്ത്രീകൾക്ക് വാഹനമോടിക്കാൻ അനുവാദമില്ല.
- ലോകത്ത് മിക്കയിടങ്ങളിലും സ്ത്രീകളാണ് പുരുഷന്മാരേക്കാൾ കൂടുതൽ വീട്ടുജോലികൾ ചെയ്യുന്നത്.

## 'ജെൻഡർ' മാറണം: പകരം പദമുണ്ട് മലയാളത്തിൽ

സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളും ഭാഷാശാസ്ത്രപരവും സാമൂഹികശാസ്ത്രപരവുമായ കാഴ്ചപ്പാടുകളും കണക്കിലെടുത്താൽ ജെൻഡർ

എന്ന പദത്തിനു പകരം മലയാളത്തിൽ 'ജനിതരം' എന്ന പദം ഉപയോഗിക്കുന്നതാണ് ഉചിതം. ആദ്യ വായനയിൽ, ജനിതരം എന്നത് ജെൻഡർ എന്ന പദത്തിന്റെ തത്ഭവരൂപമായി തോന്നാം. (അങ്ങനെ കരുതുന്നതിലും തെറ്റില്ല). എന്നാൽ, ഇംഗ്ലീഷ് ഭാഷയുടെ ഓക്സ്ഫോർഡ് എറ്റിമോളജിക്കൽ നിഘണ്ടു (1884) വും ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു (OED1, വാല്യം 4, 1900) വും ഒരു നൂറ്റാണ്ട് മുമ്പ് നൽകിയിരുന്ന നിർവചനങ്ങളിലേക്കുപോലും ചെന്നെത്താൻ കഴിയുന്ന പദമാണ് ജനിതരം എന്നു കാണാം.

സൂക്ഷ്മമായി പരിശോധിച്ചാൽ, 'genh' എന്ന പ്രോട്ടോ-ഇന്തോ-യൂറോപ്യൻ (PIE) ധാതുവിന്റെ സ്വാധീനവും ജനിതരം എന്ന പദത്തിൽ കാണാൻ കഴിയും.

ജെൻഡർ എന്നതിനുപകരം ജനിതരം എന്നു പയോഗിക്കുമ്പോൾ ജെൻഡറുമായി ചേർത്തു പ്രയോഗിച്ചിരുന്ന മറ്റുപദങ്ങളുമായുള്ള ചേർച്ചയും പരിശോധിക്കേണ്ടതുണ്ട്. അക്കൂട്ടത്തിൽ ഏറ്റവുമാദ്യം പരിഗണിക്കപ്പെടേണ്ട പദം 'ട്രാൻസ്ജെൻഡർ' തന്നെയാണ്. എന്നാൽ, ജെൻഡർ പോലെ ട്രാൻസ്ജെൻഡറും മലയാളപദമായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതേസമയം, ട്രാൻസ്ജെൻഡറിനും മലയാളപദം നൽകുന്നതാണ് ഉചിതം.

## ജനിതരവും ട്രാൻസ്ജെൻഡറും

ഭൂരിപക്ഷത്തിൽ നിന്നും വ്യത്യസ്തമായ ലൈംഗികചായ്‌വോ (sexual orientation) ജനിതരസ്വത്വമോ (gender identity) ഉള്ള ന്യൂനപക്ഷത്തെയാണ് 'എൽജിബിടി' എന്നു വിളിക്കുന്നത്. ട്രാൻസ്ജെൻഡർ എന്നത് 'എൽജിബിടി'യിലെ 'ടി' എന്ന ഉപവിഭാഗമാണ്. കാലങ്ങളായി ജെൻഡർ (ജനിതരം) എന്ന പദത്തോടൊപ്പം മറ്റു പല ഇംഗ്ലീഷ് പദങ്ങളും തത്സമമായിത്തന്നെ ഉപയോഗിക്കുന്നുണ്ട്. ജെൻഡർ ജസ്റ്റിസ്, ജെൻഡർ ഇക്വാലിറ്റി, ജെൻഡർ സ്റ്റഡീസ്, ജെൻഡർ ന്യൂട്രൽ എന്നിങ്ങനെ ഉദാഹരണങ്ങൾ സുലഭമാണ്. അതേസമയം, പ്രഥമ പരിഗണന നൽകേണ്ടത് ട്രാൻസ്ജെൻഡർ എന്ന പദത്തിനു തന്നെയാണ്.

ട്രാൻസ്ജെൻഡർ എന്ന പദത്തിനും സർവസമ്മതമായ ഒരു മലയാളപദത്തിലേക്ക് എത്തിച്ചേരാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ട്രാൻസ്, ജെൻഡർ എന്നീ പദങ്ങളെ ചേർത്തുവയ്ക്കുമ്പോഴുണ്ടാകുന്ന ജീവശാസ്ത്രപരവും (Biological) സാമൂഹികശാസ്ത്രപരവുമായ (Sociological) അർഥവും ആശയവും പ്രകടിപ്പിക്കാൻ കഴിവുള്ള ഒരു ഒറ്റപ്പദം കണ്ടെത്താൻ കഴിയാത്തതായിരുന്നു കാരണം. എന്നാൽ, ട്രാൻസ്ജെൻഡറിനും പകരം പദം കണ്ടെത്തേണ്ടിയിരിക്കുന്നു.

ചരിത്രപരമായി നോക്കിയാൽ, ലോകത്തിലെ ഏതാണ്ടെല്ലാ സമൂഹങ്ങളും വിശാലവും വ്യതിരിക്തവുമായ ആൺ-പെൺ വർഗഭേദങ്ങൾക്കു മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ. പുരുഷന്റെയും സ്ത്രീയുടെയും ബൈനറി, പ്രധാനമായും സ്ത്രീയുടെയും പുരുഷന്റെയും ജീവശാസ്ത്രപരമായ സവിശേഷതകളുമായി മാത്രം പൊരുത്തപ്പെടുന്നതാണ്. ഒരു കുഞ്ഞ് ജനിക്കുമ്പോൾത്തന്നെ, അവരുടെ ലൈംഗികാവയവങ്ങൾ എന്താണ് എന്നതിന്റെ അടിസ്ഥാനത്തിൽ സമൂഹം കുട്ടിയെ ആൺ-പെൺ ബൈനറിയിൽ ഏതെങ്കിലുമൊന്നിൽ ഉൾപ്പെടുത്തുകയും അതുതന്നെയായി തുടരാൻ നിർബന്ധബുദ്ധിയോടെ വ്യവസ്ഥപ്പെടുത്തുകയും ചെയ്യും.


അതേസമയം, ചില സമൂഹങ്ങൾ സ്ത്രീ-പുരുഷ ധ്രുവങ്ങളുടെ മധ്യവർത്തിയായി കാണപ്പെടുന്നവരെ അംഗീകരിച്ചിട്ടുമുണ്ട്. ഹവായിയുടെ ചരിത്രത്തിൽ ഇടം നേടിയ 'മാഹു' എന്ന വിഭാഗം അത്തരത്തിലുള്ളവരാണ്. മാഹു എന്ന പദത്തിന് മധ്യത്തിലുള്ളത് എന്നാണ് അർഥം. അതുപോലെതന്നെ, മെക്സിക്കോയുടെ ഭാഗമായ ഒക്സാക്കയിലെ സപ്പോട്ടെക് ഗോത്രങ്ങളിൽ കാണപ്പെടുന്ന മക്സെ (Muxe) കൾ ജനിക്കുമ്പോൾ പുരുഷനായിരിക്കുമെങ്കിലും പിന്നീട് സ്ത്രീകളെപ്പോലെ വസ്ത്രം ധരിക്കുകയും പെരുമാറുകയും ചെയ്യുന്നവരാണ്. അവരെ മറ്റൊരു വർഗമായി കരുതുന്നത് യുക്തിസഹമല്ല.

എന്നാൽ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ട്രാൻസ്ജെൻഡറുകൾ ഹിജഡ (ഹിജ്റ) എന്ന പേരിലാണ് അറിയപ്പെടുന്നത്. നപുംസകങ്ങൾ, അരവാണി, അരുവാണി, ജോഗപ്പ, ഖവാജ സിറ, ഖദ്ര, മൂരാത് എന്നിങ്ങനെയെല്ലാം വിളിപ്പേരുകളുണ്ടെങ്കിലും ഇന്ത്യയിലെ ഹിജ്റ സമൂഹം തങ്ങളെ 'കിന്നർ' എന്നു വിളിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. ഹിജ്റ എന്നത് ഒരു ഹിന്ദുസ്ഥാനി പദമാണ്. ഇത് ഇംഗ്ലീഷിലേക്ക് 'യൂണക്ക്' (eunuch) അല്ലെങ്കിൽ, 'ഹെർമാഫ്രോഡൈറ്റ്' (hermaphrodite) എന്നാണ് വിവർത്തനം ചെയ്യപ്പെടുന്നത്. പുരുഷജനനേന്ദ്രിയത്തിന്റെ ക്രമക്കേടിലേക്കാണ് ഈ നിർവചനങ്ങളെല്ലാം എത്തിച്ചേരുന്നത്.

സാംസ്കാരികമായും ഭാഷാപരമായും വൈവിധ്യമുള്ള ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുടനീളം നിരവധി പദങ്ങൾ സമാനരീതിയിൽ ട്രാൻസ്ജെൻഡർ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നുണ്ട്.

ഒഡിയയിൽ ട്രാൻസ്ജെൻഡർ വിഭാഗം അറിയപ്പെടുന്നത് ഹിൻജിദ, ഹിഞ്ജദ, നപുൻസക എന്നിങ്ങനെയാണ്. തെലുങ്കിൽ നപുംസകഡു, കൊജ്ജ, മാഡ എന്നിങ്ങനെയും തമിഴിൽ, അരവാണി (അരുവാണി), തിരുനങ്കൈ, (ആദരിക്കപ്പെടുന്ന സ്ത്രീ എന്ന അർഥത്തിൽ), തിരുനമ്പി (ആദരിക്കപ്പെടുന്ന പുരുഷൻ), തിരുനാർ (ആദരിക്കപ്പെടുന്ന വ്യക്തി) എന്നിവയാണ് ട്രാൻസ്ജെൻഡറുകളെ വിശേഷിപ്പിക്കുന്ന പദങ്ങൾ. പഞ്ചാബിയിൽ ഖുസ്ര, ജൻഖ എന്നിങ്ങനെയും കന്നഡയിൽ മംഗളമുഖി, ഛക്ക എന്നിങ്ങനെയും സിന്ധിയിൽ ഖാദ്ര എന്നും ഗുജറാത്തിയിൽ പാവയ്യ എന്നും ബംഗാളിയിൽ ഹിജ്ല, ഹിജ്ഡ, ഹിസ്റ എന്നും കൊങ്കണിയിൽ ഹിസ്ഡെം അല്ലെങ്കിൽ ഹിസ്ഡോ എന്നുമാണ് ട്രാൻസ്ജെൻഡറുകൾ അറിയപ്പെടുന്നത്. മേൽപ്പറഞ്ഞവയെല്ലാം

ട്രാൻസ്ജെൻഡർ എന്ന പദത്തിനും സർവസമ്മതമായ ഒരു മലയാളപദത്തിലേക്ക് എത്തിച്ചേരാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ട്രാൻസ്, ജെൻഡർ എന്നീ പദങ്ങളെ ചേർത്തുവയ്ക്കുമ്പോഴുണ്ടാകുന്ന ജീവശാസ്ത്രപരവും (Biological) സാമൂഹികശാസ്ത്രപരവുമായ (Sociological) അർഥവും ആശയവും പ്രകടിപ്പിക്കാൻ കഴിവുള്ള ഒരു ഒറ്റപ്പദം കണ്ടെത്താൻ കഴിയാത്തതായിരുന്നു കാരണം. എന്നാൽ, ട്രാൻസ്ജെൻഡറിനും പകരം പദം കണ്ടെത്തേണ്ടിയിരിക്കുന്നു.



ജന്മനായുള്ള ശാരീരികമായ അവസ്ഥയോട് പൊരുത്തപ്പെടാത്ത മാനസികാവസ്ഥയുള്ള ട്രാൻസ്ജെൻഡറുകളെ അഭിസംബോധന ചെയ്യാൻ പര്യാപ്തമായ മലയാളപദം ഇതേവരെ ലഭ്യമായിട്ടില്ല. ലിംഗാതീതർ, ഭിന്നലിംഗർ, മൂന്നാം ലിംഗം എന്നിവയൊന്നും ട്രാൻസ്ജെൻഡർ എന്ന ഇംഗ്ലീഷ് പദത്തിനു പകരമാകുന്നതല്ല. ട്രാൻസ്ജെൻഡർ എന്ന സംജ്ഞയ്ക്കു പകരം സ്വീകരിക്കാവുന്ന മലയാളപദത്തിന്റെ പ്രസക്തിയും അതുതന്നെയാണ്.

ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ആക്ഷേപകശബ്ദങ്ങളാണ്.

ജന്മനായുള്ള ശാരീരികമായ അവസ്ഥയോട് പൊരുത്തപ്പെടാത്ത മാനസികാവസ്ഥയുള്ള ട്രാൻസ്ജെൻഡറുകളെ അഭിസംബോധന ചെയ്യാൻ പര്യാപ്തമായ മലയാളപദം ഇതേവരെ ലഭ്യമായിട്ടില്ല. ലിംഗാതീതർ, ഭിന്നലിംഗർ, മൂന്നാം ലിംഗം എന്നിവയൊന്നും ട്രാൻസ്ജെൻഡർ എന്ന ഇംഗ്ലീഷ് പദത്തിനു പകരമാകുന്നതല്ല. ട്രാൻസ്ജെൻഡർ എന്ന സംജ്ഞയ്ക്കു പകരം സ്വീകരിക്കാവുന്ന മലയാളപദത്തിന്റെ പ്രസക്തിയും അതുതന്നെയാണ്.

ട്രാൻസ്ജെൻഡർ എന്നതിന് 'തരാതരജനിതരം' എന്ന പദമാണ് പകരംവയ്ക്കാനുള്ളത്. തരാതരംപോലെ ജനിതരസവിശേഷതകൾ വന്നുപോകുന്നവർ എന്ന ആശയം മുൻനിർത്തിയാണ് 'തരാതരജനിതരം' എന്ന പദം നിർദേശിക്കുന്നത്.

സ്ത്രീ-പുരുഷവർഗത്തെ സവിശേഷമായി പെൺ, ആൺ എന്നിങ്ങനെയാണ് രേഖപ്പെടുത്താറുള്ളത്. അത്തരം അവസരങ്ങളിൽ, തരാതരജനിതരം എന്നതിന്റെ ചുരുക്കെഴുത്ത് എന്ന വസ്തുത മുൻനിർത്തിയോ തനി സ്വത്വമുള്ളവർ എന്ന അർഥത്തിലോ തരാതരജനിതരവിഭാഗത്തെ 'തൻ' എന്നു രേഖപ്പെടുത്താവുന്നതാണ്.

ജനിതരം ഇതര സംജ്ഞകളുമായി ഇടകലരുമ്പോൾ

നിലവിൽ പ്രചാരത്തിലുള്ള ചില സംജ്ഞകൾക്കൊപ്പം ജനിതരം കടന്നുവരുമ്പോഴുള്ള പ്രയോഗഭംഗിയും അതിന്റെ ഔചിത്യവുംകൂടി പരിശോധിക്കാം:

## Gender Studies: ജനിതരപഠനങ്ങൾ

ജനിതരസ്വത്വവും ജനിതര പ്രാതിനിധ്യവും സവിശേഷമായി വിശകലനം ചെയ്യുന്ന അന്തർ വൈജ്ഞാനിക പഠനമേഖലയാണ് ജനിതരപഠനം. 1990 കൾക്കുശേഷമാണ് പാശ്ചാത്യ സർവകലാശാലകളിൽ ജനിതരപഠനം ഒരു പഠനമേഖലയായി രൂപപ്പെട്ടത്. ജനിതരപഠനങ്ങളിൽ, ജനിതരം എന്ന പദം പലപ്പോഴും പുരുഷത്വം, സ്ത്രീത്വം എന്നീ ദ്വന്ദ്വങ്ങൾ മുൻനിർത്തിയുള്ള സാമൂഹികവും സാംസ്കാരികവുമായ നിർമിതികളെ സൂചിപ്പിക്കാനായിരുന്നു ഉപയോഗിച്ചിരുന്നത്.

## Gender Equality: ജനിതര തുല്യത

ജനിതര തുല്യത എന്നത് മറ്റൊരർഥത്തിൽ സ്ത്രീ-പുരുഷ-തരാതരജനിതര തുല്യത തന്നെയാണ്. വിഭവങ്ങളിലേക്കും അവസരങ്ങളിലേക്കും സാമ്പത്തിക സ്രോതസ്സുകളിലേക്കും ജനിതരഭേദമില്ലാതെ ഒരുപോലെ എത്തിപ്പെടാൻ കഴിയുന്ന അവസ്ഥയാണ് ജനിതര തുല്യത. ജനിതര തുല്യതയാണ് ലക്ഷ്യമെങ്കിൽ, ആ ലക്ഷ്യം കൈവരിക്കുന്നതിന് സഹായകമാകുന്ന മാർഗവും ചിന്താരീതികളുമാണ് ജനിതര നിഷ്പക്ഷത (gender neutrality) യും ജനിതര സമത്വ (gender equity) വും. ജനിതര തുല്യത എന്നത് തുല്യപ്രാതിനിധ്യം മാത്രമല്ല എന്നു ചുരുക്കം.

## Gender Neutrality: ജനിതര നിഷ്പക്ഷത

സാംസ്കാരിക ചിഹ്നങ്ങൾ, സാമൂഹിക ഘടന, കളിപ്പാട്ടങ്ങൾ, ഭാഷ, നയങ്ങൾ മുതലായവ ജനിതരമോ ലിംഗപരമോ ആയി വേർതിരിക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന ആശയമാണ് ജനിതര നിഷ്പക്ഷത മുന്നോട്ടുവയ്ക്കുന്നത്. വിവേചനരഹിതമായ മനുഷ്യജീവിതമാണ് ജനിതര നിഷ്പക്ഷതയുടെ ലക്ഷ്യം.

## Gender Identity: ജനിതര സ്വത്വം

സ്വന്തം ലിംഗഭേദത്തെക്കുറിച്ചുള്ള വ്യക്തിഗത ബോധമാണ് ജനിതരസ്വത്വം. ജനിതരസ്വത്വം വ്യക്തിയുടെ നിയുക്തലിംഗവുമായി ബന്ധമുണ്ടാകുകയോ അതിൽനിന്ന് വ്യത്യസ്തമാകുകയോ ആവാം. സാധാരണയായി മൂന്നു വയസ്സിനുശേഷമാണ് ജനിതര സ്വത്വം രൂപപ്പെടുന്നത്. 1964-ൽ റോബർട്ട് ജെ. സ്റ്റോളറാണ് ജെൻഡർ ഐഡന്റിറ്റി എന്ന പദം ആദ്യമായി ഉപയോഗിച്ചതെങ്കിലും അതിന് പ്രചാരം നൽകിയത് ജോൺ മണിയായിരുന്നു.

## Gender Politics: ജനിതര രാഷ്ട്രീയം

രാഷ്ട്രീയകാര്യങ്ങളിലെ പങ്കാളിത്തം, അനുഭവം എന്നിവ സംഘടനകളും സ്ഥാപനങ്ങളും എങ്ങനെയാണ് ജനിതരമായ ആശയങ്ങൾകൊണ്ട് രാഷ്ട്രീയമായി എൻകോഡ് ചെയ്യപ്പെടുന്നത് എന്നതിനെക്കുറിച്ചുള്ള പഠനമാണ് ജനിതരരാഷ്ട്രീയം ലക്ഷ്യമിടുന്നത്.

## Gender Ethics: ജനിതര നൈതികത

സ്ത്രീകളുടെ കാഴ്ചപ്പാടുകൾക്ക് കാര്യമായ പരിഗണന നൽകാതെ പുരുഷന്മാരുടെ വീക്ഷണകോണിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്ന ധാർമികതയുടെ പാരമ്പര്യത്തെ വിമർശനവിധേയമാക്കുന്നതാണ് ജനിതര നൈതികത. നൈതികതയ്ക്ക് ജനിതരഭേദമില്ലെന്ന കാഴ്ചപ്പാടാണ് ജനിതര നൈതികതയ്ക്കുള്ളത്.

മേൽപ്പറഞ്ഞ സംജ്ഞകൾ കൂടാതെ, ജനിതര നീതി (Gender justice), ജനിതര വിഷയം (Gender issue), ജനിതര വിവേചനം (Gender discrimination), ജനിതര പക്ഷപാതം (Gender bias), ജനിതര അസമത്വം (Gender inequality), ജനിതര വിടവ് (Gender gap) എന്നിങ്ങനെയുള്ള

എല്ലാ ഇടങ്ങളിലും (ഭാഷാശാസ്ത്രപരമായും സാമൂഹികശാസ്ത്രപരമായും) ജെൻഡർ എന്ന പദത്തിനു സമമൂല്യതയുള്ള പദമായി ജനിതരം ഉപയോഗിക്കാൻ കഴിയും എന്നു വ്യക്തമാണ്.

## ഗ്രന്ഥസൂചി


Bentley, Madison. "Sanity and Hazard in Childhood". The American Journal of Psychology, April 1945, 58 (2): 212–246.

Butler, Judith. Gender Trouble: Feminism and the Subversion of Identity Thinking of Gender. New York & London: Routledge, 1990.

Hayat, T. & Lesser, O. Samuel-Azran, T. "Gendered Discourse Patterns on Online Social Networks: A Social Network Analysis Perspective". Computers in Human Behaviour, 2017.

Jespersen, O. "Sex and gender." In The Philosophy of Grammar. New York: W W Norton, 1924.

Money J. Hermaphroditism, Gender and Precocity in Hyperadrenocorticism: Psychologic Findings. Bull Johns Hopkins Hosp. 1955.

Social Science Dictionary. Gender. Archived from the original on 2 February 2011. Retrieved on 20th March 2022.

Spade, J. & Valentine, C. The Kaleidoscope of Gender: Prisms, Patterns, and Possibilities. Pine Forge Press, 2011.





Skeat, W. An Etymological Dictionary of the English Language. Oxford: Clarendon Pr., 1884.


The Oxford English Dictionary, Vol. 4. Oxford: Clarendon Pr., 1900.



*(ഡോ. അശോക് ഡിക്രൂസ് ഡയറക്ടർ,*
*സ്കൂൾ ഓഫ് ക്രിയേറ്റിവ് റൈറ്റിംഗ്, തുഞ്ചത്തെഴുത്തച്ഛൻ*
*മലയാളസർവകലാശാല, തിരൂർ- 676502*
*ഫോൺ - 9447060757)*



**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**




**മിഷണറിമാരുടെ കേരളം**

**ഡോ. വള്ളിക്കാവ് മോഹൻദാസ്**

സാംസ്കാരിക-സാഹിത്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മിഷണറിമാർ കേരളത്തിന് നൽകിയ സംഭാവനകളെക്കുറിച്ചും അവരുടെ പ്രവർത്തന വൈപുല്യത്തെക്കുറിച്ചും വ്യക്തവും ലളിതവുമായ ഭാഷയിൽ രചിച്ച ഗ്രന്ഥമാണ് 'മിഷണറിമാരുടെ കേരളം.'

₹ 300